സി4/46893(A)/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 28.11.2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സ്ഥലം മാറ്റം സ്പാർക്ക് മുഖാന്തിരം നടപ്പിലാക്കുന്നതിന് വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാരിൽ നിന്നുളള 13-11-2018- ലെ GO(Rt) No. 2051/18/H.Edn നം കത്ത്.

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക /അനദ്ധ്യാപക ജീവനക്കാരുടെ സ്ഥലംമാറ്റം സ്പാർക്ക് മുഖാന്തിരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുളള എല്ലാ DDO മാരും താഴെ പറയുന്ന നിർദ്ദേശങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

1. ഓരോ DDO മാരും അവരവരുടെ കീഴിലുളള എല്ലാ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപക അനദ്ധ്യാപക സർവ്വീസ് വിവരങ്ങൾ തെറ്റു കൂടാതെ സ്പാർക്കിൽ രേഖപ്പെടുത്തേണ്ടതാണ്. വിവരങ്ങൾ രേഖപ്പെടുത്താനുളള സമയം 05-12-2018 മുതൽ 10-01-2019 വരെയാണ്.സമയപരിധി കർശനമായും പാലിക്കേണ്ടതതാണ്. ആയതിന്റെ ഭാഗമായി എല്ലാ DDO മാരും ഓരോ നോഡൽ ഓഫീസറെ ചുമതല നല്കി നിയമിക്കേണ്ടതും ടി ജീവനക്കാരുടെ പേരും ഉദ്യോഗപ്പേരും ഫോൺ നമ്പറു സഹിതം e-mail മുഖാന്തിരം ഡയറക്ടറെ 03-12-2018 5.PM ന് മുമ്പായി അറിയിക്കേണ്ടതുമാണ്.
2. സ്പാർക്കിൽ ഉളള വിവരങ്ങൾ മാറ്റം വരുത്തണമെങ്കിൽ (edit) അതാത് ജീവനക്കാർ അതിനുളള രേഖകൾ സഹിതം അതാത് DDO മാർക്ക് അപേക്ഷ നൽകേണ്ടതും, DDO ആയത് പരിശോധിച്ച് മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. DDO മാർക്ക് അപേക്ഷ നൽകേണ്ട അവസാന തീയതി 05-01-2019 ആണ്.

9995213

GOVERNMENT OF KERALA 2017-18

3. ഏതെങ്കിലും DDO മാർക്ക് സ്പാർക്കിൽ ഉള്ള വിവരങ്ങൾ ലോക്കായി കാണുന്ന പക്ഷം "ഫോം 5' പൂരിപ്പിച്ച് 'data unlocking' - നായി അപേക്ഷ സ്പാർക്കിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

4. DDO മാരും മറ്റ് ഉദ്യോഗസ്ഥരും സ്പാർക്കുമായി ബന്ധപ്പെട്ട മേൽ കാര്യങ്ങൾ ഓരോ മാസത്തിന്റേയും 5-ാം തീയതി മുതൽ 25-ാം തീയതി വരെ മാത്രമാക്കി നിജപ്പെടുത്തേണ്ടതാണ്.

5. ലീവ്, ശൂന്യവേതനാവധി, ഡെപ്യൂട്ടേഷൻ, അച്ചടക്ക നടപടി FIP തുടങ്ങിയ എല്ലാ വിവരങ്ങളും സ്പാർക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

6. എല്ലാ DDO മാരും 10-01-2019 ന് 5 മണിക്ക് മുമ്പായി സ്പാർക്കിലെ ഡാറ്റാ പൂർണ്ണമായും അപ്ഡേറ്റ് ചെയ്ത് ലോക്ക് ചെയ്തതായുള്ള താഴെ പറയുന്ന സർട്ടിഫിക്കറ്റ് കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാനകാര്യാലയത്തിലേയ്ക്കും, spark - നും ലഭ്യമാക്കേണ്ടതാണ്.

## Completion Certificate

Certified that the data of all employees working in the institution have been verified and locked in the spark for enabling online general Transfer Module in spark for the year 2019.

ഒപ്പ്/-
രമേഷ്.ടി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള DDO മാർക്കും
ADCE, Sr.AA, Sr.FO.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

3995214

GOVERNMENT OF KERALA 2017-18

വി.എസ്. 30.11.2018